## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 437** **01.12.2015-ൽ മറുപടിയ്ക്ക്**

# വൈദ്യുതി മേഖലയിലെ പ്രസരണ നഷ്ടം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി മേഖലയിലുണ്ടാകുന്ന പ്രസരണ നഷ്ടം സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകളുടെ വിശദാംശം നൽകുമോ ;

(എ) വൈദ്യുതി ബോർഡ് പ്രസരണ നഷ്ടത്തെക്കുറിച്ച് നിരന്തരം പഠനം നടത്തി വരുന്നു. ഈ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ നാലുവർഷങ്ങളിലെ പ്രസരണ നഷ്ടം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2010-11 | 4.17 % |
| 2011-12 | 4.54% |
| 2012-13 | 4.96% |
| 2013-14 | 5.22% |

(ബി) മുൻ വർഷങ്ങളിലേതുമായി താരതമ്യ പഠനം നടത്തിയപ്പോൾ കണ്ടെത്തിയ ന്യൂനത പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ബി) ഓവർലോഡായ സബ് സ്റ്റേഷനുകളുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കാനുള്ള നടപടികൾ ആസൂത്രണം ചെയ്യുന്നു. ഓവർലോഡിങ്ങ് കണ്ടെത്തിയ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കാൻ താഴെ പറഞ്ഞിരിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. നിലവിലുള്ള വാഹകശേഷി കുറഞ്ഞ ചാലകങ്ങൾ മാറ്റി ശേഷികൂടിയ ചാലകങ്ങൾ ഉപയോഗിക്കുക.
2. പ്രസരണ ഇടനാഴികൾ ഇരട്ടിപ്പിക്കുക.
3. ഉയർന്ന പ്രസരണ വോൾട്ടേജിലേയ്ക്ക്, സബ് സ്റ്റേഷനുകളും, അനുബന്ധ ലൈനുകളെയും ഉയർത്തുക.
4. നവീന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉയർന്ന വാഹകശേഷിയുള്ള പുതുനിര ചാലകങ്ങൾ വലിച്ച് പ്രസരണ ശൃംഖല ബലപ്പെടുത്തുക.

കൂടാതെ, ഉയർന്നുവരുന്ന ഉപഭോഗം കണക്കിലെടുത്ത്, പുതിയ സബ് സ്റ്റേഷനുകളും,

അനുബന്ധ ലൈനുകളും 400/220/110 കെ.വി തലത്തിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി) ബോർഡിന് ഈയിനത്തിൽ എത്ര ശതമാനം ഫണ്ട് നഷ്ടമായെന്ന് കണക്കാക്കിയിട്ടുണ്ടോ ?

(സി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വർഷം തോറും പുറപ്പെടുവിക്കുന്ന ARR & ERC പെറ്റീഷൻ മേലുള്ള ഉത്തരവിൽ പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള ടാർജറ്റ് നിജപ്പെടുത്തി നൽകാറുണ്ട്. പ്രസ്തുത കാര്യത്തിന് പ്രത്യേകമായ ഫണ്ടൊന്നും അനുവദിക്കാത്തതിനാൽ ഈയിനത്തിൽ നഷ്ടം ഒന്നും തന്നെ കണക്കാക്കിയിട്ടില്ല. എന്നാൽ സംസ്ഥാന വൈദ്യുതി ബോർഡ് സമർപ്പിക്കുന്ന ട്രൂയിംഗ് അപ് പെറ്റീഷൻ കമ്മീഷൻ പരിശോധിച്ച ഉത്തരവിറക്കുമ്പോൾ, പ്രസ്തുത പ്രസരണ വിതരണ നഷ്ടത്തിന്റെ ടാർജറ്റ് കൈവരിക്കാനാകാത്ത വർഷങ്ങളിൽ, ആ വർഷത്തെ യഥാർത്ഥ വൈദ്യുതി വാങ്ങൽ ചെലവിൽ നിന്ന് പ്രസ്തുത ടാർജറ്റ് കൈവരിക്കാത്തതു കാരണം വാങ്ങേണ്ടിവന്ന അധിക വൈദ്യുതിയുടെ ആനുപാതികമായ തുക കമ്മീഷൻ വെട്ടിക്കുറയ്ക്കാറുണ്ട്. 2011-12, 2012-13 വർഷങ്ങളിലെ ട്രൂയിംഗ് അപ് പെറ്റീഷനു മേൽ ഉത്തരവിറക്കാത്തതിനാൽ ഈയിനത്തിൽ എത്ര നഷ്ടം വരുമെന്ന് നിജപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

സെക്ഷൻ ഓഫീസർ.